പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2903 **29-10-2026-ൽ മറുപടിയ്ക്ക്**

ആവണീശ്വരം റെയിൽവേ ഓവർ ബ്രിഡ്ജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജ്യോതികുമാർ ചാമക്കാല

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ ആവണീശ്വരം റെയിൽവേ ഓവർ ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും അതിന്റെ നടപടികൾ എവിടെ വരെയായിയെന്നും വിശദമാക്കാമോ?

മറുപടി: കൊല്ലം ജില്ലയിലെ പത്തനാപുരം നിയോജകമണ്ഡലത്തിൽ ആവണീശ്വരത്തിനും പുനലൂർ സ്റ്റേഷനും ഇടയിൽ വരുന്ന ലെവൽ ക്രോസ് നമ്പർ 519 ന പകരമായി നിർമ്മിക്കുന്ന ആവണീശ്വരം റെയിൽവേ ഓവർ ബ്രിഡ്ജ് (ROB), കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRDCL) ന് ചുമതല നൽകിയിട്ടുള്ള 66 ആർ.ഒ.ബി. പദ്ധതികളിൽ ഒന്നാണ്. ഈ പ്രവൃത്തിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) അനുമതിയ്ക്കായി റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. റെയിൽവേയുടെ അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ